## THE STATE ELECTRICITY OMBUDSMAN

D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com


**അപ്പീൽ പരാതി നമ്പർ : P/097/2022**

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഫെബ്രുവരി 14, 2023**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീമതി. ബീനാകുമാരി,<br>ഇടത്തറ വീട്,<br>ഉളവയ്പ് പി.ഒ.,<br>പൂച്ചാക്കൽ, ചേർത്തല<br>ആലപ്പുഴ ജില്ല - 688 526 |
| എതിർകക്ഷി | : | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ.ഇ.ബി. ലിമിറ്റഡ്, പൂച്ചാക്കൽ,<br>ആലപ്പുഴ ജില്ല. |

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതിക്കാരി ശ്രീമതി. ബീനാകുമാരി, ലൈസൻസി(KSEBL)യുടെ ഉപഭോക്താവാണ് (Consumer No. 1155147029025). പരാതിക്കാരി ലൈഫ് മിഷൻേറയും പട്ടികജാതി/പട്ടിക വർഗ്ഗ വികസന ഫണ്ടിൻേറയും സഹായത്തോടെ ഒരു വീടു വയ്ക്കുന്നതിനുവേണ്ടി അടിസ്ഥാനം നിർമ്മിച്ചു. അയൽവാസി വൈദ്യുതി എടുത്തിട്ടുള്ള സർവ്വീസ് ലൈൻ പ്രസ്തുത അടിസ്ഥാനത്തിന് മുകളിലൂടെ കടന്നു പോകുന്നതിനാൽ വീടുപണി തുടരാൻ കഴിയുന്നില്ല. ഈ ലൈൻ മാറ്റുന്നതിനുവേണ്ടിയുള്ള അപേക്ഷ KSEB-യുടെ സെക്ഷൻ ഓഫീസിൽ നൽകുകയുണ്ടായി. നടപടിയൊന്നും ആകാത്തതിനാൽ CGRF(CR)-നെ സമീപിക്കുകയുണ്ടായി. പരാതിക്കാരി ചെലവാകുന്ന തുക അടച്ചാൽ ലൈൻ മാറ്റിക്കൊടുക്കേണ്ടതാണെന്ന് CGRF(CR) ഉത്തരവ് പുറപ്പെടുവിച്ചു.

CGRF-ൻെറ ഉത്തരവിനുള്ള അപ്പീലായിട്ടാണ് ഓംബുഡ്സ്മാനെ സമീപിച്ചിരിക്കുന്നത്.

## പരാതിക്കാരിയുടെ വാദം

അപ്പീൽ പരാതിക്കാരിക്ക് തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് മുഖേന പട്ടികജാതി വികസന വകുപ്പിൽ ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി പഞ്ചായത്ത് അനുമതി നൽകിയിരുന്നു. എന്നാൽ തറ കെട്ടിയതിനുശേഷം ഭിത്തികെട്ടുന്നതിന് തടസ്സമായി അടുത്ത വീട്ടിലെ മോഹനൻ, സോണിയ ഭവനത്തിൻെറ സർവ്വീസ് വയർ പുതിയതായി നിർമ്മിക്കുന്ന വീടിൻെറ മുകളിലൂടെയാണ് കടന്നുപോകുന്നത്. പരാതിക്കാരി 21-06-2022-ൽ തൻെറ വീടിൻെറ മുകളിലൂടെ കടന്നു പോകുന്ന അടുത്ത വീട്ടിലെ സർവ്വീസ് വയർ നീക്കം ചെയ്യുവാനായി പൂച്ചാക്കൽ ഇലക്ട്രിസിറ്റി ഓഫീസിൽ 324 രൂപ അടച്ച് പരാതി നൽകിയിരുന്നു. എന്നാൽ ഈ ഓഫീസിൽനിന്നും 12827 രൂപ അടക്കണമെന്നു പറയുകയുണ്ടായി. എന്നാൽ നിർദ്ധനയായ പരാതിക്കാരിക്ക് ഈ തുക അടക്കുവാനുള്ള വരുമാന മാർഗ്ഗമില്ല. BPL കുടുംബാംഗമായ പരാതിക്കാരിക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച ഭൂമിയിൽ ലൈഫ് പദ്ധതിപ്രകാരം വീട് അനുവദിക്കുകയും ചെയ്തു. തറകെട്ടി ഭിത്തികെട്ടി പൊക്കിയിട്ടും ഇതുവരെ വീടിൻെറ മേൽക്കൂര വാർക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ സർവ്വീസ് വയർ നീക്കം ചെയ്താലെ മേൽക്കൂര പണി നടക്കുകയുള്ളൂ. ഇതേ സ്കീമിൽ ഉൾപ്പെട്ട മറ്റു വീടുകളുടെ പണികൾ 90% പൂർത്തീകരിച്ചിരിക്കുകയാണ്. പരാതിക്കാരിയുടെ വീടിൻെറ പണി പൂർത്തീകരിക്കുവാൻ ഗ്രാമ പഞ്ചായത്ത് വി.ഇ.ഒ നിരന്തരം സമ്മർദ്ദം ചെലുത്തുകയാണ്. അല്ലാത്തപക്ഷം ആദ്യ ഗഡു തുക തിര്യെ അടക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്.

മുകളിൽ പറഞ്ഞ തുകയായ 12827 രൂപ അടക്കുവാനുള്ള വരുമാനം പരാതിക്കാരിയുടെ കുടുംബത്തിനില്ല. നിലവിൽ പരാതിക്കാരിയും കുടുംബവും അടച്ചുറപ്പില്ലാത്ത ഷെഡിലാണ് താമസിക്കുന്നത്. പരാതിക്കാരിയുടെ കുടുംബത്തിന് അടച്ചുറപ്പുള്ള വീടു നിർമ്മിക്കാൻ തടസ്സമായി നിൽക്കുന്ന സർവ്വീസ് വയർ മാറ്റിക്കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ അപേക്ഷിച്ചിരിക്കുന്നു.

## എതിർകക്ഷിയുടെ വാദം

പരാതിക്കാരി 21-06-2022-ൽ പുതിയതായി നിർമ്മിക്കുന്ന വീടിൻെറ അടിത്തറക്ക് മുകളിലൂടെ കടന്നുപോകുന്ന സർവ്വീസ് വയർ മാറ്റി സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്കൽ സെക്ഷൻ, പൂച്ചാക്കലിൽ അപേക്ഷ സമർപ്പിക്കുകയും, അതിൻെറ അടിസ്ഥാനത്തിൽ ഓഫീസ് അധികൃതർ സ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നു. പരാതിക്കാരിയുടെ അയൽവാസിയായ മോഹനൻ, സോണിയ ഭവനം എന്നയാൾക്ക് സർവ്വീസ് കണക്ഷൻ നൽകിയിരിക്കുന്ന വെതർപ്രൂഫ് കേബിളിനു താഴെയായിട്ടാണ് ഇപ്പോൾ വീടിൻെറ

നിർമ്മാണം നടത്തിവരുന്നത്. പ്രസ്തുത സർവ്വീസ് വയർ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് ടി. പുരയിടത്തിനു വെളിയിൽ, റോഡരുകിൽ ഒരു പോസ്റ്റും സ്റ്റേയും സ്ഥാപിച്ച് അതിലേക്ക് 27 മീറ്റർ OH ലൈൻ വലിച്ച് അതിലേക്ക് സർവ്വീസ് വയർ മാറ്റി കണക്ട് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന്റെ തുകയായ Rs.12827/- ഓഫീസിൽ അടക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത തുക അടയ്ക്കുന്നതിൻ പ്രകാരം സർവ്വീസ് വയർ മാറ്റി സ്ഥാപിക്കുന്നതാണെന്ന് എതൃകക്ഷി അറിയിച്ചിരിക്കുന്നു.

## അവലോകനം

ഈ കേസിന്റെ വാദം 25-01-2023-ൽ ഓംബുഡ്സ്മാന്റെ എറണാകുളത്തുള്ള ഓഫീസിൽ വച്ച് കേൾക്കുകയുണ്ടായി. പരാതിക്കാരിക്കുവേണ്ടി ശ്രീ. രാജേഷ് ഈ.ആറും എതിർകക്ഷിക്കു വേണ്ടി ശ്രീ. ബിജു ആൻഡ്രൂസ് പി. ജോർജ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പൂച്ചാക്കൽ പങ്കെടുത്തു.

പട്ടികജാതി വികസന വകുപ്പ് ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം പരാതിക്കാരിക്ക് ഭൂമി ലഭിക്കുകയും അവിടെ ലൈഫ് പദ്ധതി പ്രകാരം ഒരു വീട് അനുവദിക്കുകയും ചെയ്തു. വീടിന് അടിസ്ഥാനം നിർമ്മിച്ചു കഴിഞ്ഞു. അയൽവാസിയുടെ വീട്ടിലേക്ക് വൈദ്യുത സർവ്വീസ് വയർ ഈ അടിസ്ഥാനത്തിന് മുകളിലൂടെയാണ് പോകുന്നത്. അത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ ലൈസൻസിക്ക് പൂച്ചാക്കൽ ഇലക്ട്രിസിറ്റി ഓഫീസിൽ സമർപ്പിച്ചു. എതൃകക്ഷി സ്ഥലം പരിശോധിക്കുകയും ലൈൻ മാറ്റുന്നതിനുവേണ്ടി ഒരു പോസ്റ്റ് വഴിയിൽ അധികമായി നിർത്തി അതിൽനിന്നും സർവ്വീസ് ലൈൻ വലിയ്ക്കാം എന്ന രീതിയിൽ എസറ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. അങ്ങനെ കണക്കാക്കിയ തുക 12827 രൂപ പരാതിക്കാരിയോട് അടക്കാൻ ആവശ്യപ്പെട്ടു. എന്നാൽ തികച്ചും നിർദ്ധനയായ BPL കുടുംബമാണ് പരാതിക്കാരിയുടേത്. അതിനാൽ ഈ തുക അടയ്ക്കാൻ അവർക്ക് കഴിയുന്നില്ല. കൂലിപ്പണിക്കാരായ അവരും ഭർത്താവും രണ്ടു പെൺകുട്ടികളുമടങ്ങുന്ന കുടുംബം അടച്ചുറപ്പില്ലാത്ത ഒരു ഷെഡിലാണ് താമസിക്കുന്നത്. ഒരു അടച്ചുറപ്പുള്ള വീടു നിർമ്മിക്കേണ്ടത് അത്യവശ്യമാണ്.

എതൃകക്ഷിയോട് പട്ടികജാതിയിൽപ്പെട്ടവർക്ക് എന്തെങ്കിലും ആനുകൂല്യം കണക്കാക്കി ലൈസൻസിക്ക് ചെയ്തുകൊടുക്കാൻ കഴിയുമോ എന്നാരാഞ്ഞെങ്കിലും, അത്തരത്തിൽ ചെയ്യാനുള്ള നിയമം ഒന്നും നിലവിലില്ല എന്നറിയിച്ചു.

ഒരു വൈദ്യുത ലൈനോ സർവ്വീസ് ലൈനോ മാറ്റാൻ ആവശ്യപ്പെടുമ്പോൾ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ റഗുലേഷൻ 95 പ്രകാരം അപേക്ഷക ചെലവാകുന്ന തുക വഹിക്കേണ്ടതും മറ്റു ഭൂമിയിലൂടെ കടന്നുപോകുമ്പോൾ അവരിൽനിന്ന് അനുമതി പത്രം വാങ്ങി സമർപ്പിക്കേണ്ടതുമാണ്.

Section 95 (1) The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes.

Section 95 (2) The application for shifting the electric line or electrical plant shall be submitted in the local office of the licensee.

Section 95 (3) On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.

Section 95 (4) The application for shifting an electric line or electrical plant shall be granted only if:-

(a) the proposed shifting is technically feasible; and

(b) the owner of the land or his successor in interest gives consent in writing to shift the electr9ic line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and

"(c) the applicant shall remit the labour charges and material charges required for shifting the electric line or electric plant as estimated by the licensee as per the cost data approved by the Commission from time to time in accordance with the Regulation 33 of the Kerala Electricity Supply Code, 2014."

Section 95 (5) The licensee shall shift the electric line or electrical plant if the conditions specified in sub-regulation (4) are complied with by the applicant.

ഇത്തരത്തിൽ ലൈനും മറ്റും മാറ്റിസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ധനസഹായം ലഭിയ്ക്കാൻ കഴിയില്ല എന്നാണ് പരാതിക്കാരിക്കുവേണ്ടി ഹാജരായ കക്ഷി അറിയിച്ചത്. ഏതെങ്കിലും സന്നദ്ധസംഘടനകൾ വഴിയോമറ്റോ സഹായമഭ്യർത്ഥിച്ച് ഇതിന് ഒരു നിവൃത്തി ഉണ്ടാക്കുകയായിരിക്കും അഭികാമ്യം. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം പരാതിക്കാരി ഇതിനു ചെലവാകുന്ന തുക വഹിക്കേണ്ടതാണ്.

**<u>തീരുമാനം</u>**

ഈ കേസ് വിശദമായി പഠിക്കുകയും ചട്ടങ്ങളും നിയമങ്ങളും പരിശോധിക്കുകയും ചെയ്തതിൽനിന്ന് താഴെപ്പറയുന്ന തീരുമാനത്തിലെത്തുന്നു.

1) Consumer Grievance Redressal Forum (CGRF)-ൻെറ ഉത്തരവിനെ ശരിവയ്ക്കുന്നു.
2) നിലവിലെ സർവ്വീസ് വയർ വലിച്ചുകെട്ടി താൽക്കാലിക സംവിധാനം ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് എതൃകക്ഷി പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുക.

പരാതി മേൽപ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/097/2022/ തീയതി .

അയക്കുന്നത്:

1) ശ്രീമതി. ബീനാകുമാരി, ഇടത്തറ വീട്, ഉളവയ്പ് പി.ഒ., പൂച്ചാക്കൽ, ചേർത്തല, ആലപ്പുഴ ജില്ല - 688 526
2) അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ.ഇ.ബി. ലിമിറ്റഡ്, പൂച്ചാക്കൽ, ആലപ്പുഴ ജില്ല.

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ള–യമ്പലം, തിരുവനന്തപുരം – 10.
2. സെക്രട്ടറി, കെ.എസ.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 4.
3. ചെയർ-പേർസൺ, CGRF-CR, 220 kV സബ്സ്റ്റേഷൻ കോമ്പൗണ്ട്, കെ.എസ്.ഇ.ബി. ലിമിറ്റഡ്, HMT കോളനി P.O., കളമശ്ശേരി, PIN: 683 503.